**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5426** **03-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആകെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം എത്ര; ഇവയിൽ എത്ര സ്റ്റേഷനുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെ 554 പോലീസ് സ്റ്റേഷൻ നിലവിലുണ്ട്. ഇതിൽ Law & Order Police Station (Local) –കളുടെ എണ്ണം 484 ആണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 42 പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. ഇതിനുപുറമേ മറ്റ് വിഭാഗങ്ങളിൽപ്പെടുന്ന താഴെപ്പറയുന്ന പോലീസ് സ്റ്റേഷനുകളും ഉണ്ട്. 1. Railway Police Station - 13, 2. Vanitha Police Station - 14, 3. Cyber Crime Police Station - 19, 4. Coastal Police Station - 18, 5. Kochi Metro Police Station -01, 6. Crime Branch Police Station - 01, 7. Special Mobile Squad (SMS) Charging Police Station - 03, 8. ATS Police Station (New) - 01 |
| (ബി) | സംസ്ഥാനത്ത് ശിശു സൗഹൃദ കേന്ദ്രം കൂടി ഉൾപ്പെടുന്ന എത്ര പോലീസ് സ്റ്റേഷനുകളുണ്ട്; ഇവയിലൂടെ കുട്ടികൾക്ക് പോലീസിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ശിശു സൗഹൃദമായ 126 പോലീസ് സ്റ്റേഷനുകളാണുള്ളത്. ശിശു സൗഹൃദ സ്റ്റേഷനുകളിലൂടെ പ്രായം, ലിംഗം, മതം, ജാതി എന്നിവയിലെ വ്യത്യസ്തത പരിഗണിക്കാതെ കുട്ടികളെ അംഗീകരിക്കുകയും മാനസിക പിരിമുറുക്കം, വിഷാദം, ആത്മഹത്യാ പ്രവണത, ലഹരി ഉപയോഗം തുടങ്ങിയവ അനുഭവിക്കുന്ന കുട്ടികൾക്ക് നൽകേണ്ടതായ മാനസിക പിൻബലം നൽകുകയും ഇത്തരത്തിലുള്ള കുട്ടികളെ മുൻവിധിയില്ലാതെ കേൾക്കുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമെങ്കിൽ വിദഗ്ധ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇപ്രകാരം പോലീസ് സ്റ്റേഷനുകളിൽ സമീപിക്കുന്ന കുട്ടികളുടെ ആശ്രയ കേന്ദ്രം, മാർഗ്ഗദർശിനി ആണ് പോലീസ് എന്ന വ്യക്തമായ ബോധ്യം കുട്ടികളിൽ ഉണ്ടാക്കിയെടുക്കാൻ കഴിയുന്നു. |
| (സി) | ഗെയിം അടക്കമുള്ള ഓൺലൈൻ ചതിക്കുഴികളിൽ കുടുങ്ങുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം ചതിക്കുഴിയിൽ കുട്ടികൾ |

| | | | |
|---|---|---|---|
| | | | പെട്ടുപോയതായ ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത്തരം കുട്ടികൾക്കായി ഡിജിറ്റൽ ഡീ അഡിക്ഷൻ കേന്ദ്രങ്ങൾ നിലവിൽ ശിശു സൗഹൃദ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ മുഖേന തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | പോലീസ് വകുപ്പിൽ റേഞ്ച് തലത്തിൽ ഓരോ ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ (Digital Deaddiction Centers) 2022-23-ലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ഇ) | അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകുന്നതോ, മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതോ, പൊതു വായനശാലകൾ നടത്തുന്നതോ ആയിട്ടുള്ള പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ഇ) | തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിലെ പാങ്ങോട് പോലീസ് സ്റ്റേഷനിൽ പി.എസ്.സി. കോച്ചിംഗ് സെന്ററും, തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ ചാവക്കാട്, തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ കൊരട്ടി, കാസർഗോഡ് പോലീസ് ജില്ലയിലെ കാസർഗോഡ് എന്നീ പോലീസ് സ്റ്റേഷനുകളിൽ പൊതുജന പങ്കാളിത്തം, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ എല്ലാ ദിവസവും അഗതികൾക്ക് സൗജന്യ ഉച്ചഭക്ഷണ വിതരണം നടത്തി വരുന്നു. കൂടാതെ കോഴിക്കോട് സിറ്റി പോലീസ് ജില്ലയിലെ മാറാട് പോലീസ് സ്റ്റേഷനിൽ പബ്ലിക്ക് ലൈബ്രറിയും, കണ്ണൂർ സിറ്റി പോലീസ് ജില്ലയിലെ തലശ്ശേരി, പാനൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ യുവതീ യുവാക്കൾക്ക് മത്സരപരീക്ഷകൾക്കുള്ള ക്ലാസുകളും കായിക ക്ഷമതയ്ക്ക് ആവശ്യമായ പരിശീലനവും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ